

# ഗാന്ധിജി വീണ്ടും വരണം

മനുഷ്യജീവിതത്തിന് ഭൂമുഖത്ത് ലഭിക്കാവുന്നതിൽവെച്ച് ഏററവും ഹിതകരമായ (പ്രിയകരമായതല്ല) സംവിധാനം ഏതാണെന്ന് കാര്യമായി ചിന്തിക്കേണ്ട കാലം വന്നിരിക്കുകയാണ്. ഉറുമ്പിനേയും ചിതലിനേയും തേനീച്ചയേയുംപോലെ ദൃഢബദ്ധമായ സാമൂഹിക ജീവിതം നയിക്കുന്നതിന് ആവശ്യമായ പരിഷ്ക്കാരങ്ങളൊന്നും ഈ ജന്തുവർഗ്ഗത്തിന് പ്രകൃതി നൽകിയിട്ടില്ല. ആണെന്നും പെണ്ണെന്നുമുള്ള വ്യത്യാസമല്ലാതെ, വ്യക്തികൾക്ക് തമ്മിൽത്തമ്മിൽ ജന്തുശാസ്ത്രപരമായ സവിശേഷതകളൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് കുടുംബജീവിതത്തിനുപരിയായ കൂട്ടുകെട്ടുകളെല്ലാം ഐച്ഛികങ്ങളാണ്. വിവേകബുദ്ധിയുള്ളതുകൊണ്ട് കുടുംബജീവിതം തന്നെയും വേണോ വേണ്ടയോ എന്നു നിശ്ചയിക്കാനും സാദ്ധ്യമാണ്. ഈ സാഹചര്യങ്ങളിൽ മനുഷ്യൻെറ സാമൂഹിക ജീവിതത്തിന് അന്യോന്യഭിന്നങ്ങളായ പല സംവിധാനങ്ങളും ഉണ്ടായതു് സ്വാഭാവികമാണ്. കാട്ടിടകളിലും നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും, അടുത്തകാലത്തായി വമ്പിച്ച നഗരശൃംഖലകളിലും, അവൻ കൂട്ടംകൂടി ജീവിച്ചിട്ടുണ്ട്. ഏകാന്തവാസത്തിനുള്ള വ്യഗ്രത ബാധിക്കുമ്പോൾ ഇതെല്ലാം ഉപേക്ഷിച്ചു വിദൂരസ്ഥങ്ങളായ ഗുഹകളേയും പർണ്ണശാലകളേയും അഭയംപ്രാപിച്ച് വിജനതയിൽ ജീവിച്ച ആളുകളെപ്പററിയും നാം കേട്ടിട്ടുണ്ട്. പക്ഷേ, കുറേക്കഴിയുമ്പോൾ ഇത്തരം 'ഒററയാന്മാ'രും അടുത്തടുത്ത് വാസസ്ഥാനങ്ങൾ ഉറപ്പിച്ച് തപോവനങ്ങൾ സംഘടിപ്പിച്ചതായും കാണാവുന്നതാണ്.

ഏതായാലും, ഗുഹയും വനവും തപോവനവും എല്ലാം അപ്രത്യക്ഷമായിരിക്കുന്ന ഇന്നത്തെ കാലത്ത് 8000—മൈൽ മാത്രം വ്യാസമുള്ളതും ഉപരിതലത്തിൽ മൂന്നിൽ രണ്ടുഭാഗവും സമുദ്രത്താൽ മൂടപ്പെട്ടതുമായ ഈ ചെറിയ ഭുവനഗോളത്തിൽ, എണ്ണത്തിൽ 400—കോടിയായിരിക്കുന്ന മനുഷ്യർക്ക്, ഏകാന്തവാസവും വിജനസ്ഥലങ്ങളുമെല്ലാം ചിന്തിക്കുവാൻപോലും സാദ്ധ്യമല്ലാത്ത കാര്യങ്ങളായിത്തീർന്നിരിക്കുന്നു. ഇഷ്ടമായാലും ഇല്ലെങ്കിലും എല്ലാവരും കൂട്ടായ ജീവിതംതന്നെ നയി



ലേഖകൻ



Digitized by Kerala Sahitya Akademi

കണം. ജീവൻ ഭൗതികവസ്തുവിൽ തങ്ങിനിൽക്കുന്ന ഒരു പ്രതിഭാസമാകയാൽ 'വായ്വംബുപർണ്ണാശന' രൂപത്തിലെങ്കിലുമുള്ള ഭുവനബന്ധങ്ങളും അനപേക്ഷണീയമാണ്. ഭൂമിയിലെ വിഭവങ്ങൾ അപരിമിതങ്ങളോ അക്ഷയങ്ങളോ അല്ലാത്തതുകൊണ്ട്, അവയുടെമേലുള്ള ആശ്രയഭാവം അന്യോന്യമത്സരത്തിന് വഴിതെളിക്കുകയും ചെയ്യും. ഇതിന്റെ അർത്ഥം സഹകരണത്തിനും മത്സരത്തിനുമുള്ള പ്രവണതകൾ ഒരുമിച്ച്, ഒരേസമയത്തുതന്നെ, മനുഷ്യജീവിതത്തിൽ പ്രകടമായിത്തീർന്നിരിക്കുന്നു എന്നാണ്.

ഇതുവരെയുള്ള ലോകചരിത്രത്തിൽ

ടിയ വ്യക്തികളും സമൂഹങ്ങളും (എണ്ണംകൊണ്ട് ഇവർ മനുഷ്യരാശിയിൽ മൂന്നിലൊരംശമേയുള്ളൂ) അതു് കൈവിട്ടുപോകാതെ സംരക്ഷിക്കുന്നതിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുന്നു. അവർ അനുഭവിക്കുന്ന ഭാഗ്യപരിപാകം കണ്ട് കൊതിക്കുവാൻ മാത്രം വിധിക്കപ്പെട്ട മറ്റു് ജനങ്ങൾ ആ പരിഷ്കാരം നേടുന്നതിനുവേണ്ടി അക്ഷമരായി ഉഴറിനടക്കുന്നു. അതോടൊപ്പം അവരുടെ എണ്ണം മുപ്പതു വർഷംകൊണ്ട് ഇരട്ടിയാകുന്ന തോതിൽ വർദ്ധിക്കുകയും ചെയ്യുന്നു.

ഭൂമിയെ ഞെരുക്കുകയും ആരുമാരുമറിയാതെ അനസ്യൂതം ക്ഷയിപ്പിക്കുകയും

**മാത്സര്യജടിലമായ വ്യവസായവാണിജ്യങ്ങൾകൊണ്ടു് തഴയ്ക്കുന്ന നഗരജീവിതമോ, മനുഷ്യസഹവാസത്തെ വെറുത്ത് ഏകാന്തതയെ താലോലിക്കുന്ന തപോവനധർമ്മങ്ങളോ അല്ല, ഭൂമിയെ സ്നേഹിച്ച് പ്രകൃതിയുമായി പൊരുത്തം നേടി അദ്ധ്വാനിച്ചുകിട്ടുന്ന സാമാന്യസുഖങ്ങൾകൊണ്ടു് തൃപ്തിപ്പെട്ടു് ദുരാഗ്രഹങ്ങളില്ലാതെ കഴിയുന്ന കർഷകജനങ്ങളുടെ ഗ്രാമജീവിതമാണ് മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും നല്ല സാമൂഹികസംവിധാനമെന്നു കാണാം.**

ഇടതടവില്ലാതെ പ്രവർത്തിച്ചതായി കാണുന്ന പ്രേരകശക്തി മത്സരമാണെന്ന് പറയാതെ തരമില്ല. ഇന്നത്തെ ലോകസ്ഥിതി നോക്കിയാൽ, ഇതിന്റെ ഫലമായി മുമ്പ് ഭൂമുഖത്തുണ്ടായിട്ടുള്ള സംഘർഷങ്ങളും സംഘട്ടനങ്ങളും ദുഃഖങ്ങളും ദുരിതങ്ങളും എത്രയോ നിസ്സാരങ്ങളാണെന്ന് ആരും സമ്മതിക്കും. അമിതഭോഗത്തിനുള്ള അദമ്യമായ അഭിവാഞ്ഛയാണ് ഇന്ന് പരിഷ്കാരത്തിന്റെ ആദരണീയമായ ലക്ഷണമായിത്തീർന്നിരിക്കുന്നത്. അങ്ങനെയുള്ള 'പരിഷ്കാരം' നേ

ചെയ്യുന്ന ഈ പരിഷ്കാരം നിലനിൽക്കുകയില്ല. അതു് കൈവരുത്തുന്നതിനുവേണ്ടി പിൻകിടരാജ്യങ്ങളിൽ വാശിയോടെ നടത്തുന്ന വികസനയത്നങ്ങൾ വിജയിപ്പിക്കുകയുമില്ല. ഇതെല്ലാം പകൽവെളിച്ചംപോലെ വ്യക്തമായിക്കഴിഞ്ഞ വസ്തുതകളാണ്. എന്നാലും, ഏതാനുംപേർക്ക് അല്പകാലത്തേയ്ക്കെങ്കിലും ഗുണംവരുമെന്ന് പ്രതീക്ഷിക്കാവുന്നതുകൊണ്ട്, ഭരണകൂടങ്ങളുടേയും വിദഗ്ദ്ധന്മാരുടേയും അഭിജ്ഞന്മാരുടേയും ഈ വിഷയത്തിലുള്ള ആവേശത്തിന് ഒരു കം

## ഡോ. കെ. ഭാസ്കരൻ നായർ


Digitized by Kerala Sahitya Akademi

വും ഉണ്ടായിട്ടില്ല. ഭൂമിയിലെ വിഭവങ്ങളുടെ അപര്യാപ്തതയും തന്മൂലം പരിഷ്ക്കാരത്തിന്റെ പുരോഗതിക്ക് നേരിട്ടിരിക്കുന്ന ദുസ്സരമായ പ്രയാസങ്ങളും മനസ്സിലാക്കുന്നതിന് മനുഷ്യന്റെ ആദ്യത്തെ ആവശ്യമായ ആഹാരത്തിന്റെ കാര്യം ആലോചിച്ചാൽ മതി. 1972–ലാണ് ലോകത്തിലെ ഭക്ഷ്യസ്ഥിതി ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിച്ചത്. അതിനുശേഷം പല രാജ്യക്കാരും പട്ടിണിയിലാണ്. ആഫ്രിക്കയിലും ഏഷ്യയിലും ലക്ഷക്കണക്കിന് ജനങ്ങൾ പട്ടിണികിടന്ന് മരിക്കുകയാണ്. ഇരുപതുകോടി അമേരിക്കക്കാർ തങ്ങളുടെ പരിഷ്കൃതമായ ജീവിതനിലവാരം നിലനിർത്തുന്നതിനുവേണ്ടി പ്രതിവർഷം ഉപയോഗിക്കുന്ന ഭക്ഷ്യധാന്യംകൊണ്ട് 150–കോടി ഇന്ത്യക്കാർക്ക് ഒരു കൊല്ലം ജീവിക്കാൻ സാധിക്കുമെന്നു പറയുന്നു. പക്ഷേ, ആ നിലവാരം താഴ്ത്തുവാൻ അവർക്ക് സമ്മതമല്ല. എന്നല്ല അതിനെ സംരക്ഷിക്കുവാൻ വേണ്ടിയുള്ള വാണിജ്യവിഷയകമായ ആഗോളസമരത്തിൽ ഭക്ഷ്യത്തെ ഒരു ചക്രായുധമായി ഉപയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അറബികളുടെ എണ്ണപ്പോരിനുള്ള പ്രത്യാഖ്യാനമായിട്ടാണ് ഇതു് പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും ഈ യുദ്ധം അവരുടെനേർക്കു മാത്രമുള്ളതല്ല. രാഷ്ട്രീയമായി അമേരിക്കയുടെ ശത്രുപക്ഷത്തുനിൽക്കുന്ന റഷ്യയും ചൈനയും ആ രാജ്യത്തുനിന്ന് വൻതോതിൽ ഭക്ഷ്യധാന്യം ഇറക്കുമതിചെയ്യുന്നുണ്ട്. സത്യത്തിൽ അക്കൂട്ടർ, 1972–ൽ, ചോദിച്ച വിലകൊടുത്ത് അമേരിക്കൻ ധാന്യം വാങ്ങിയതുകൊണ്ട് കൂടിയാണ് ഭയാനകമായ ഈ ഭക്ഷ്യപ്രതിസന്ധിയുണ്ടായതു്.

റഷ്യയുടെ കാര്യത്തിലെങ്കിലും ഇറക്കുമതിചെയ്ത ധാന്യം മുഴുവനും മനുഷ്യൻ തിന്നുകയല്ല ചെയ്തതു്. അതിൽ ഭൂരിഭാഗവും മൃഗങ്ങൾക്കു കൊടുത്തു് അവയുടെ ഇറച്ചി തിന്നുവാൻവേണ്ടിയുള്ള പരിഷ്ക്കാരപരിപാടിയായിരുന്നു അതു. മൃഗങ്ങൾ 20 കിലോ ധാന്യം തിന്നാൽ മാത്രമേ മനുഷ്യനു് ഒരു കിലോ ഇറച്ചി കിട്ടുകയുള്ളു. ആഹാരത്തിന്റെ കാര്യത്തിലുള്ള 'പരിഷ്ക്കാര'ത്തിന്റെ കഥയാണിതു. ഇത്രത്തോളം അടിസ്ഥാനപരമോ അത്യന്താപേക്ഷിതമോ അല്ലെങ്കിലും പരിഷ്ക്കാരത്തിന്റെ എല്ലാ വിഭൂതികളുടെ കാര്യത്തിലും ഇതുപോലെയുള്ള മഹാസങ്കടങ്ങളുണ്ട്. അതിനും പുറമേ മിന്നുന്നതും തിളങ്ങുന്നതുമായ ഉൽപ്പന്നങ്ങൾകൊണ്ട് മനുഷ്യനെ ഭ്രമിപ്പിക്കുന്ന ഈ വൻകിട വ്യവസായ–വാണിജ്യപരിഷ്ക്കാരം സ്ഥലജലങ്ങളേയും വായുമണ്ഡലത്തെയും വിഷദൂഷിതമാക്കി സമസ്തജീവജാലത്തിന്റേയും അസ്തിത്വത്തെ അപകടപ്പെടുത്തുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ, മനുഷ്യവർഗ്ഗത്തിൽ മഹാഭൂരിപക്ഷത്തിനും 'ശോഭനമായ ഭാവി'യെക്കുറിച്ചുള്ള മധുരസ്വപ്നങ്ങൾ കൈവെടിയുകയേ ഗതിയുള്ളു. പരിഷ്ക്കാരത്തിന്റെ പേരിൽ ആധുനിക മനുഷ്യൻ പരിപോഷിപ്പിക്കുന്ന ദുരാഗ്രഹങ്ങളേയും അപാരമായ പരിഗ്രഹതൃഷ്ണയേയും സംയമനം ചെയ്ത്, കാമകാഞ്ചനത്യാഗത്തിന്റെ മൂല്യങ്ങളെ മാനിക്കുന്ന മിതസ്വഭാവമായ ജീവിതരീതികൾ എല്ലാരാജ്യക്കാരും സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതു് നടക്കാത്ത കാര്യമാണെന്നും ആദർശാത്മകമായ വെറും തത്വജ്ഞാനമാണെന്നും പറയാവുന്നതാണ്. നടന്നാലും ഇല്ലെങ്കിലും ലോകത്തിനു് ഇതല്ലാതെ മറെറാരു പോംവഴിയുമില്ല.

കർഷകവൃത്തിയുടെ മണ്ഡലത്തിൽ പോലും ഇടക്കാലത്തുണ്ടായ അമിതപ്രതീക്ഷകൾ അതീവ ദുർബലങ്ങളും ദീർഘകാലവീക്ഷണത്തിൽ ആപൽക്കരങ്ങളുമാണെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു. ഖനിയെണ്ണയുടെ പ്രതിസന്ധി വന്നപ്പോൾ ഹരിതവിപ്ലവത്തിന്റെ അടിസ്ഥാനംതന്നെ തകർന്നുപോയി. രാസവളങ്ങളും പ്രാണിവിഷങ്ങളുമെല്ലാം എണ്ണയിൽനിന്ന് ഉണ്ടാകുന്നവയാണ്. അല്ലെങ്കിൽത്തന്നെയും, അതുകൊണ്ടു ലഭിക്കുന്ന പ്രയോജനം താൽക്കാലികമാണെന്നും, അത്തരം കൃഷിയുടെ കഠിനപ്രയോഗങ്ങൾ ഭൂമിയെ നശിപ്പിക്കുമെന്നുമുള്ള ഭയം പരക്കെയുണ്ട്. കൃഷിവിഷയത്തിൽ, അൻപതുവർഷത്തെ പരിചയം മാത്രമുള്ള അമേരിക്കക്കാരെയല്ല മാതൃകയാക്കേണ്ടതെന്നും, എത്രയോ നൂററാണ്ടുകളായി ഭൂമിയെ പരിചരിച്ച് വിളവെ



Digitized by Kerala Sahitya Akademi

ടുകയും അതിന്റെ ഫലപുഷ്ടിക്കോ മനുഷ്യന്റെ ചുററുപാടുകൾക്കോ ഒരു കോട്ടവും തട്ടാതെ പരിരക്ഷിക്കുകയും ചെയ്യുന്ന തെക്കുകിഴക്കൻ ഏഷ്യയിലെ ഗ്രാമീണരാണ് ലോകത്തിലെ ഏററവും അനുകരണാർഹരായ കൃഷിക്കാരെന്നു പ്രസിദ്ധമായ അനേകം ശാസ്ത്രജ്ഞന്മാർ സമ്മതിച്ചുതുടങ്ങിയിരിക്കുന്നു. ജീവിതരീതിയുടേയും പ്രകൃതിയുടെ നേക്കുള്ള മനോഭാവത്തിന്റേയും പ്രശ്നമാണ് ഇതിലും അന്തർഭവിക്കുന്നത്. ഭൂമിയുടെ മേൽ ടെക്നോളജിയുടെ ബലാൽക്കാരം പ്രയോഗിച്ച് ശീഘ്രവിജയം നേടുവാനുള്ള യത്നം ആപൽക്കരമാണ്. പ്രകൃതിയെ കീഴടക്കുവാനല്ല ശ്രമിക്കേണ്ടത്. സമസ്ത ജീവജാലത്തിനും ഏകാവലംബമായ, പ്രാണികൾക്ക് അമ്മയായ, അവളെ സേവിക്കണം, പൂജിക്കണം, പ്രസാദിപ്പിക്കണം.

ഈ വീക്ഷണകോടിയിൽ നിന്നു നോക്കിയാൽ, മാത്സര്യജടിലമായ വ്യവസായവാണിജ്യങ്ങൾ കൊണ്ടു തഴയ്ക്കുന്ന നഗരജീവിതമോ, മനുഷ്യസഹവാസത്തെ വെറുത്ത് ഏകാന്തതയെ താലോലിക്കുന്ന തപോവനധർമ്മങ്ങളോ അല്ല; ഭൂമിയെ സ്നേഹിച്ച് പ്രകൃതിയുമായി പൊരുത്തംനേടി അദ്ധ്വാനിച്ചുകിട്ടുന്ന സാമാന്യസുഖങ്ങൾ കൊണ്ടു തൃപ്തിപ്പെട്ട് ദുരാഗ്രഹങ്ങളില്ലാതെ കഴിയുന്ന കർഷകജനങ്ങളുടെ ഗ്രാമജീവിതമാണ് മനുഷ്യവർഗ്ഗത്തിന്റെ ഏററവും നല്ല സാമൂഹികസംവിധാനമെന്നു കാണാം. അതിൽ കായക്ലേശവും കഷ്ടപ്പാടുകളും ദുഃഖങ്ങളും വേണ്ടുവോളമുണ്ട്. കാറും വിമാനവും തീവണ്ടിയും സിനിമയും ടെലിവിഷനും ടെസ്റ്റ്മാച്ചും ടൂറിസവും ടെറിലിൻ വസ്ത്രങ്ങളും റെഫ്രിജറേററും അലക്കുയന്ത്രവും രാസവളങ്ങളും പ്രാണിവിഷങ്ങളും, സോപ്പുപോലും, ഉണ്ടാവുകയില്ല. ദിവസംതോറും പുതിയ പുതിയ അത്ഭുതൗഷധങ്ങൾ വാങ്ങാൻ കിട്ടുകയില്ല. മററുള്ളവരുടെ ഹൃദയവും തലച്ചോറും കടം വാങ്ങി ശസ്ത്രക്രിയയിലൂടെ സ്വന്തമാക്കി ആയുർദൈർഘ്യം വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. ജനനവും മരണവും സമബലത്തിൽനിൽക്കും. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ധാരാളമായി ഉണ്ടാകുവാനിടയുണ്ട്. പക്ഷേ, ഇതൊക്കെയുണ്ടെങ്കിലും, പരിഷ്കൃതമനുഷ്യന് കണികാണാൻ കിട്ടാത്ത ദുർമ്മോഹവിമുക്തിയും ആഭ്യന്തരശാന്തിയും ഇങ്ങനെ ജീവിക്കുന്ന ജനസമൂഹങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും. ജീവിതം അവർക്ക് ഇടതടവില്ലാത്ത പരക്കംപാച്ചിലോ അർത്ഥമില്ലാത്ത പേക്കിനാവോ ആവുകയില്ല. അന്യരെ ഹിംസിക്കുകയും പ്രകൃതിയെ ധ്വംസിക്കുകയും ഭാവിപരമ്പരകളെ ദ്രോഹിക്കുകയും ചെയ്യുന്നതിന്റെ പാപഭാരവും അവർ ചുമക്കുകയില്ല. സയൻസും ടെക്നോളജിയും രാഷ്ട്രതന്ത്രവും അർത്ഥശാസ്ത്രവും പുസ്തകജ്ഞാനവും തത്ത്വമീമാംസയും എന്തൊക്കെ മഹാത്ഭുതങ്ങൾ സൃഷ്ടിച്ചാലും ഈ സംവിധാനം മാത്രമേ അവസാനം ശേഷിക്കുകയുള്ളൂ.

ഈ മഹാസത്യം പല ചിന്തകന്മാരും കണ്ടതാണ്. പക്ഷേ, ലോകചരിത്രത്തിൽ ഒരു മനുഷ്യൻ മാത്രമേ അതു് സാക്ഷാൽക്കരിക്കുകയും അതിനുവേണ്ടി ജീവിക്കുകയും, മരിക്കുകയും ചെയ്തുള്ളു — ഗാന്ധിജി. ആ മഹാപുരുഷൻ ഉയിർത്തെഴുന്നേററ് വീണ്ടും വരേണമേ എന്ന് സമസ്തലോകവും പ്രാർത്ഥിച്ചുപോകുന്ന കാലമാണിത്.

□□


# കുങ്കുമം വാരിക

**വരിസംഖ്യാനിരക്ക് ഇന്ത്യയിൽ**

| | | |
|---|---|---|
| ഒരു വർഷത്തേയ്ക്ക് | 33 | 00 |
| ആറു മാസത്തേയ്ക്ക് | 16 | 50 |
| ഒററപ്രതി | 60 | പൈ |

വിദേശങ്ങളിൽ അയയ്ക്കുന്നതിനു വരിസംഖ്യ നിരക്കിൽ നിന്നും പോസ്റ്റേജ് കൂടുതലായിരിക്കും.
വി. പി. ഏർപ്പാടില്ല.

മാനേജർ
**കുങ്കുമം വാരിക**
തിരുവനന്തപുരം—8.


Digitized by Kerala Sahitya Akademi